# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 2321 | | | 12.03.2020 ലെ മറുപടിയ്ക്ക് |
|---|---|---|---|
| മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.ആർ. രാജേഷ് | | | എ.കെ ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കമോ; | (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം ഐക്കമത്ത് വിള, ഐ.കെ.എസ്. എന്നീ കോളനികളെയും, 2019-20 സാമ്പത്തിക വർഷം ചുനക്കര പാങ്കാവിൽ കോളനിയേയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | തെരഞ്ഞെടുക്കപ്പെട്ട ഒരു കോളനികളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഐ.കെ.എസ്., ചുനക്കര പാങ്കാവിൽ എന്നീ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) | ആരംഭിക്കാനുള്ള പ്രവൃത്തികൾക്കുള്ള തടസ്സങ്ങൾ വിശദമാക്കാമോ; തടസ്സങ്ങൾ ഒഴിവാക്കി ഈ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിർവ്വഹണ ഏജൻസി സമർപ്പിച്ച നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ന്യൂനതകളുള്ളതിനാൽ എസ്റ്റിമേറ്റ് പുനരവലോകനം ചെയ്യാനാവശ്യപ്പെട്ടുവെങ്കിലും നാളിതുവരെയായി ലഭ്യമാകാത്തതാണ് കാലതാമസത്തിനു കാരണം. പരിഷ്കരിച്ച എസ്റ്റിമേറ്റ് സമർപ്പിക്കുവാനും പണി ആരംഭിയ്ക്കുവാനും ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ